# മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**എറണാകുളം**

**കൂവപ്പടി ബ്ലോക്ക്**
**ഒക്കൽ പഞ്ചായത്ത്**
**വാർഡ്- 2**
**സോഷ്യൽ ഓഡിറ്റ് കാലയളവ് :1/10/2018 to 31/3/2019**
**സോഷ്യൽ ഓഡിറ്റ് യുണിറ്റ്**
**തിരുവനന്തപുരം**

## ആമുഖം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ൽ വിജ്ഞാപനം ചെയ്തു. എങ്കിലും , 2005-ൽ പാർലമെന്റ് പാസ്സാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2006 ഫെബ്രുവരി 2-ന് രാജ്യത്ത് തുടക്കം കുറിച്ചു. മൂന്ന് ഘട്ടങ്ങളായി. 2008-ൽ നമ്മുടെ രാജ്യത്തെ എല്ല ജില്ലകളിലേയും ഗ്രാമീണ മേഖലകൾ ഈ നിയമത്തിന്റെ പരിധിയിൽ വന്നു . ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതിവിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേന്മയുള്ളതും ഉല്പാദനക്ഷതയുള്ള ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം.

നിയമഭേദഗതി വരുത്തി 'മഹാത്മാഗാന്ധി' എന്ന വാക്ക് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ ആരംഭത്തിൽ കൂട്ടി ചേർക്കുകയും ചെയ്തിട്ടുണ്ട്. 100 ശതമാനം നഗര ജനസംഖ്യയുള്ള ജില്ലകളൊഴികെ രാജ്യത്തെ എല്ലാ ജില്ലകളും പ്രസ്തുത നിയമത്തിന്റെ പരിധിയിലാക്കപ്പെട്ടിട്ടുണ്ട്. നിയമത്തിന്റെ ആവശ്യകതയ്ക്ക ആനുപൂരകമായി എല്ലാം സംസ്ഥാനങ്ങളും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിയമത്തിലും പട്ടികയിലും കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സംസ്ഥാന പദ്ധതിയിലും ഉൾക്കൊള്ളിക്കേണ്ടതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം ഗ്രാമീണ തൊഴിലാളികൾക്ക് ഒരു കൂട്ടം അവകാശങ്ങൾ നൽകുന്നുണ്ട്.

ദേശിയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തു പ്രദേശത്തു നടപ്പിയിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് നിയമത്തിലെ 17 ആം വകുപ്പ് നിഷ്കർഷിക്ക്ന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതു ധനം ചെലവഴിക്കുന്നതിനെപറ്റിയും പൗര സമൂഹം നടത്തുന്ന പരസ്യവും സ്വതത്രവുമായ പരിശോധനയാണ് സോഷ്യൽ ഓഡിറ്റ്.

## അവകാശധിഷ്ഠിത നിരീക്ഷണങ്ങൾ

- തൊഴിലുറപ്പ് നിയമപ്രകാരമുള്ള 10 അവകാശങ്ങളെ കുറിച്ച് തൊഴിലാളികൾക്ക് ധാരണ ഇല്ലായിരുന്നു.
- തൊഴിൽ സ്ഥലത്തു വെച്ച് അപകടം സംഭവിച്ചാൽ ചികിത്സ സഹായം ലഭിക്കുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നില്ല.
- ഡിമാൻഡ് വെച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചിട്ടില്ല.
- തൊഴിൽ കാർഡ് എടുക്കുന്നതിനും മറ്റു രേഖകൾ കൊടുക്കുന്നതിനും വേണ്ടി ഫോട്ടോസ്റ്റാറ്റ് എടുക്കുന്നത് സ്വന്തം കൈയിൽ നിന്ന് പൈസ എടുത്താണ്.
- തൊഴിൽ കാർഡ് അപേക്ഷിച്ചിട്ടു 15 ദിവസത്തിനുള്ളിൽ തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല.
- ബൂട്ട്, കൈയുറ എന്നിവ ചില ഗ്രൂപ്പുകൾക്ക് ലഭിക്കുന്നില്ലെന്ന് പരാതിപ്പെട്ടു. കിട്ടിയവക്കു എല്ലാം നാശനഷ്ടം ഉണ്ടായി.
- ആക്ട് പ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും സമയ ബന്ധിതമായി കൂലി ലഭിക്കുന്നില്ല എന്ന് അറിയുവാൻ സാധിച്ചു. എന്നാൽ ഇതിനെ കുറിച്ച് തൊഴിലാളികൾക്ക് അറിവില്ല
- തൊഴിൽ പൂർത്തിയായതിനു ശേഷവും തൊഴിലുറപ്പ് നിർവ്വഹണ ഉദ്യോഗസ്ഥർ ഫണ്ട് ട്രാൻസ്ഫർ ഓർഡർ തയ്യാറാക്കിയതിനു ശേഷവും , തൊഴിലാളികൾക്ക് അവരുടെ വേതനം കൃത്യമായി ലഭിക്കുന്നില്ല**.**
- തൽസമയ സാമൂഹിക പരിശോധന കൃത്യമായി നടത്തുന്നതായി അറിയാൻ കഴിഞ്ഞട്ടില്ല.

## സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

1. ബ്ലോക്ക് തലത്തിലും ഗ്രാമപഞ്ചായത്തു തലത്തിലും പദ്ധതി നിർവഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക്ഓഫീസർ (BDO), പഞ്ചായത്ത്തു സെക്രട്ടറി, മറ്റ് നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ നടത്തിയ

കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞതിനനുസരിച്ച് തുടർപ്രക്രിയകൾ ആസൂത്രണം ചെയ്യുകയും സോഷ്യൽ ഓഡിറ്റ് ഗ്രാമ സഭാ തീയതി നിശ്ചയിക്കുകയും ചെയ്യുന്നു.

2. കഴിഞ്ഞ 6 മാസത്തിൽ ചെയ്ത പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ , MIS എന്നിവ പരിശോധിക്കൽ
3. പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തി ഇടങ്ങൾ പരിശോധിക്കുകയും, ചെയ്ത പ്രവർത്തികളുടെ അളവുകൾ പരിശോധിച്ചു
4. ഗുണഭോക്താക്കളോട് പ്രവൃത്തിയുടെ ഗുണഫലങ്ങൾ ചർച്ച ചെയ്തു, തൊഴിൽ കാർഡ് എടുത്തിട്ടുള്ളവരെയും, സജീവ തൊഴിലാളികളെയും കണ്ട് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു .
5. വിവരശേഖരണാർത്ഥം പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, ഓഫീസിലെ ജീവനക്കാർ, ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ അഭിമുഖങ്ങൾക്കും ചർച്ചകൾക്കും ഫോക്കസ് ഗ്രൂപ്പ് ഡിസ്കഷനും വിധേയമാക്കി.
6. ഫീൽഡ് പ്രവർത്തനങ്ങളുടെയും, ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ

## പരിശോധനക്ക് വിധേയമാക്കിയ ഫയലുകൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് |
|---|---|---|
| 1 | FP/306241 | പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും ബാധിച്ച ദുരിതബാധിത പ്രദേശങ്ങളിൽ കാനക ളുടെയും തോടുകളുടെയും പുനരുദ്ധാരണം |

| | | |
|---|---|---|
| 2 | WC/334899 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജലം സംരക്ഷണ പ്രവർത്തികൾ റീച്ച് 1 |
| 3 | WC/340071 | ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ്, ജലം സംരക്ഷണ പ്രവർത്തികൾ റീച്ച് 2 |
| 4 | IF/310134 | ക്ഷീര വകുപ്പുമായി സംയോജിച്ച് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ |
| 5 | LD/235114 | കൃഷി വകുപ്പുമായി സംയോജിച്ച് ജെ എൽ ജി പാട്ടത്തിനെടുത്ത് സ്ഥലം കൃഷിക്ക് അനുയോജ്യം ആക്കൽ |

## കവർപേജ്

- വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടാവേണ്ടതാണ് കവർപേജ്. പരിശോധിച്ച എല്ലാ ഫയലുകളിലും AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നത്

## ചെക്ക് ലിസ്റ്റ്

ഒരു വർക്ക് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന വിവരങ്ങളുടെ പട്ടികയും അവയുടെ പേജ് നമ്പർ രേഖപ്പെടുത്തേണ്ട രേഖയാണ് ചെക്ക് ലിസ്റ്റ്.

- പരിശോധിച്ച എല്ലാ ഫയലുകളിൽ ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ, ചെക്ക് ലിസ്റ്റ് ഫോമിൽ പേജ് നമ്പറുകൾ എഴുതിയിരുന്നില്ല.

**ആക്ഷൻപ്ലാൻ കോപ്പി**

ഒരു ജനകീയ ഇടപെടലിന്റെ നേർ സാക്ഷ്യം തെളിയി ക്കുന്ന രേഖയാണ് ആക്ഷൻ പ്ലാൻ കോപ്പിഗ്രാമസഭ നിർദ്ദേ. ശിക്കുന്ന പ്രവർത്തികൾ ഷെൽഫ് ഓഫ് പ്രോജക്ടിലേക്ക് മാറ്റുകയും ഇതിൽനിന്നും മുൻഗണന അടിസ്ഥാനത്തിൽ അതാത് സാമ്പത്തിക വർഷത്തിൽ ആവശ്യമുള്ള പ്രവർത്തി തെരഞ്ഞെടുത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്യും ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ട പ്രവർത്തി തന്നെയാണോ . നടപ്പിലാക്കിയത് എന്ന് മനസ്സിലാക്കുന്നതിനും ആക്ഷൻപ്ലാൻ കോപ്പി ഉപകരിക്കുന്നു. ഈ സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാനിൽ പ്രസ്തുത പദ്ധതി ഉൾപ്പെട്ടിട്ടുള്ള എന്ന വിവരം വർക്ക് ഫയലിൽ വരേണ്ടതാണ്

- പരിശോധിച്ച ഫയലുകയിൽ ഒന്നിലും ആക്ഷൻപ്ലാനിന്റെകോപ്പിഉണ്ടായിരുന്നില്ല

**<u>സാങ്കേതിക അനുമതി</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക ഉദ്യോഗസ്ഥരുടെ അനുമതി ലഭിച്ചു എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി

- സെക്യൂർ കോപ്പിയാണ് എല്ലാ ഫയലും സൂക്ഷിച്ചിരിക്കുന്നത്
- സെക്യൂർ നിന്നെടുത്ത കോപ്പി ആയിരുന്നാലും അതിൽ സാങ്കേതിക ഉദ്യോഗസ്ഥർ ഒപ്പ് , സീൽ എന്നിവ തിയതി വച്ച് രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് ,സീൽ, തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

**<u>ഭരണ അനുമതി</u>**

ഒരു വാർഡിൽ ഒരുവർഷം നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്ന അംഗീകാരമാണ് ഭരണ അനുമതി

- ഫയലുകളിൽ കൂടുതലും സെക്യൂർ നിന്നെടുത്ത ഭരണാനുമതിയുടെ കോപ്പിയാണ് സൂക്ഷിച്ചിരിക്കുന്നത്.

- ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് സീൽ തീയതി മുതലായവ എല്ലാ ഫയലിലും ഉണ്ടായിരുന്നില്ല

## എസ്റ്റിമേറ്റ്

ഒരു പ്രവർത്തി എങ്ങനെ, എത്ര അളവിന് ചെയ്യണം എന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന രേഖയാണ് എസ്റ്റിമേറ്റ്. പരിശോധനക്ക് വിദേയമാക്കിയ എല്ലാ ഫയലിലും എസ്റ്റിമേറ്റ് ഉണ്ടായിരുന്നു

- ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ആണ് സൂക്ഷിച്ചിരിക്കുന്നത്
- സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതായത് ജനകീയ എസ്റ്റിമേറ്റ് ഈ പദ്ധതിയുടെ ഫയലിൽ സൂക്ഷിക്കണമെന്ന് അനുശാസിക്കുന്നു. എന്നാൽ ഇത് ഒറ്റ ഫയലിൽ കണ്ടെത്താൻ സാധിച്ചില്ല.
- ചില ഫയലുകളിൽ ഒഴികെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പു,സീല്, ഡേറ്റ് എന്നിവ ഇല്ല.

## സംയോജിത പദ്ധതി

പരിശോധിച്ച് ഒരു ഫയൽ സംയോജിത പദ്ധതി ആയെരുന്നു. ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുല്ല് കൃഷിക്ക് നിലം ഒരുക്കൽ.

## ഡിമാൻഡ് ഫോം

_തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ഫയലിൽ കൃത്യമായി സൂക്ഷിക്കേണ്ടതുണ്ട് തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചു എന്നതിനുള്ള രേഖ കൂടിയാണിത്

- വ്യക്തിഗത ഡിമാൻഡ് ഫോം അല്ലായിരുന്നു ഫയലിൽ കാണാൻ കഴിഞ്ഞത്.
- ഡിമാൻഡ് ഫോമിൽ തൊഴിൽ ആവശ്യപ്പെട്ട് അവരുടെ വിവരങ്ങളും തൊഴിൽ ആവശ്യപ്പെട്ടിരിക്കുന്ന തീയതി കളും എഴുതിയിട്ടുണ്ട്.

**<u>വർക്ക് അലോക്കേഷൻ നോട്ടീസ്</u>**

പ്രവൃത്തി നൽകി എന്നതിന്റെ രേഖയാണ് പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള ഫോം. .പ്രവർത്തിയുടെ പേരും സ്ഥലവും തൊഴിലാളികളുടെ ഡീറ്റെയിൽസും കാണിച്ചിരുന്നു. തീയതി രേഖപ്പെടുത്താത്തതിനാൽ 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിച്ചു എന്ന് അറിയാൻ സാധിച്ചില്ല.

**<u>ഇ മസ്റ്റർ റോൾ</u>**

തൊഴിലാളികൾ തൊഴിൽ ചെയ്യുന്ന തീയതി ദിവസം ഉൾപ്പെട്ട ഹാജർ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ

- പരിശോധിച്ച് എല്ലാ ഫയലുകളിലും മസ്റ്റർ റോൾ_സൂക്ഷിച്ചിരുന്നു
- ഇതിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തേണ്ടതാണ്. എന്നാൽ പരിശോധിച്ച ഫയലുകളുടെ ഇമസ്റ്റർ റോളുകളിൽ ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പും, സീലും രേഖപെടുത്തിയിട്ടുണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചില്ല .

**<u>M.ബുക്ക്</u>**

പ്രവർത്തി തുടങ്ങുന്നതിനു മുൻപും ശേഷവും അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള അടിസ്ഥാന രേഖയാണ് എം ബുക്ക്.

- പരിശോധിച്ച് എല്ലാ ഫയലും എം ബുക്ക് ഉണ്ടായിരുന്നു
- എല്ലാ വർക്കിലും പ്രീ മെസുരേമെന്റ്, തിയതി എന്നിവ രേഖപെടുത്തിയിട്ടുണ്ട്
- ചില പേജുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒപ്പ് മാത്രമോ ചില സ്ഥലങ്ങളിൽ ഒപ്പും സീലും എന്നിവ മാത്രം കാണാൻ സാധിച്ചു. എന്നാൽ തീയതി മിക്ക സ്ഥലങ്ങളിലും രേഖപ്പെടുത്തിയിരുന്നില്ല .തീയതി രേഖപ്പെടുത്തിയാൽ മാത്രമേ ആര് എപ്പോൾ അളവുകൾ രേഖപ്പെടുത്തിയെന്നും ,ആര്, എപ്പോൾ അത് ക്രോസ്സ് ചെക്ക് ചെയ്തു എന്നും മനസിലാക്കാൻ സാധിക്കുകയുള്ളു.കാലതാമസം സംബന്ധിച്ച ആക്ഷേപം ഉണ്ടായാൽ തീയതി അത്യാവശ്യമാണ്

## മെറ്റീരിയൽ ബിൽ വൗച്ചർ

മെറ്റീരിയൽ ഉപയോഗിച്ചിട്ടുള്ള പ്രവർത്തികളിൽ അവയിൽ ഉപയോഗിച്ച് സാധനങ്ങളുടെ സാമഗ്രികളുടെ ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

## വെജ് ലിസ്റ്റ്

തൊഴിലാളികൾ എത്ര ദിവസം ജോലി ചെയ്തു എന്നതിന് അടിസ്ഥാനപ്പെടുത്തി അവർക്ക് നൽകേണ്ട തുക ആയുധങ്ങൾക്ക് കൊടുക്കുന്ന വാടക മൂർച്ചകൂട്ടുന്നതിനുള്ള തുക എന്നിവ എല്ലാം കാണിച്ചു കൊണ്ട് പണം കൈമാറുന്നതിനുള്ള പ്രധാനപ്പെട്ട ഒന്നാണ് വെജ് ലിസ്റ്റ്.

- പരിശോധിച്ച കൃഷിവകുപ്പ് മായി സംയോജിച്ചു തീറ്റപ്പുല്ല് കൃഷിക്ക് നിലം ഒരുക്കൽ എന്ന ഫയൽ ൽ മാത്രമേ വെജ് ലിസ്റ്റ് ഉണ്ടാകാതെ ഇരുന്നത്.

## ഫണ്ട് ട്രാൻസ്ഫർ ഓർഡർ

വെജലിസ്റ്റ് പ്രകാരം തൊഴിലാളികൾക്ക് വേതനം നൽകി എന്നതിനുള്ള രേഖയാണ് എഫ് ടി ഓ പ്രവർത്തിയിൽ ചിലവായ മുഴുവൻ തുകയും ആർക്ക് എപ്പോൾ നൽകി എന്നതിനെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന ഫണ്ട് ട്രാൻസ്ഫർ ഓർഡർ എല്ലാ ഫയലുകളും നിർബന്ധമായും കാണേണ്ടതാണ്.

- പരിശോധിച്ച് 5 ഫയലുകളിലും F.T.O ഉണ്ടായിരുന്നു

## റോയൽറ്റി

പ്രവർത്തി നടന്ന സ്ഥലങ്ങളുടെ കരം അടച്ച രസീതുകൾ ഫയലുകളിൽ സൂക്ഷിച്ചിരുന്നു.

**Geo Tagged Photo.**

പരിശോധിച്ച് 5 ഫയലുകളിലും ജിയോ ടാഗ് ഫോട്ടോസ് കാണാൻ സാധിച്ചില്ല

## സൈറ്റ് ഡയറി

പ്രവർത്തി സ്ഥലത്തെ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നതിനുള്ള ആധികാരിക രേഖയാണ് സൈറ്റ് ഡയറി

- ചില സൈറ്റ് ഡയറികളിൽ പ്രോജക്ട് മീറ്റിംഗ് മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നില്ല.
- മറ്റു സൈറ്റ് ഡയറികളിൽ ചെക്ക് ലിസ്റ്റ് ,മിനിറ്റീസ്, തൊഴിലാളികളുടെ സാഷ്യപത്രം, തൊഴിലുപകരണങ്ങളുടെ വാടക,പദ്ധതിചെലവ്, VMC റിപ്പോർട്ട് , സന്ദർശന കുറിപ്പ് എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട് . ഇത് അഭിനന്ദാർഹമാണ്.

## പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം

പ്രവർത്തിയുടെ അടിസ്ഥാനത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി പ്രവർത്തി പൂർത്തീകരിച്ചു കഴിയുമ്പോൾ പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്താൻ ഉപയോഗിക്കുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം

- പരിശോധിച്ച് 5 ഫയലിനു പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം ഉണ്ടായിരുന്നു

## മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

ഒരു പ്രവർത്തിയുടെ ഓരോഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ചത് മുതൽ വേതനം നൽകുന്നത് വരെ ഉള്ള ഓരോ ഘട്ടങ്ങളിലും നടന്നത് ഏതൊക്കെ തീയതികളിലാണ് എന്ന് മനസ്സിലാക്കാനുള്ള രേഖയാണ് മസ്റ്റർ റോൾ മൂവ്മെന്റ്

- എല്ലാ ഫയലിലും മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ടായിരുന്നു.
- മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ്പിൽ കൃത്യമായി ഒപ്പിനൊപ്പം തിയതി രേഖപ്പെടുത്തേണ്ടതുണ്ട് എന്നാൽ ചില ഫയലുകയിൽ ഉണ്ടായിരുന്നില്ല

## ഫോട്ടോഗ്രാഫസ്

പ്രവൃത്തി തുടങ്ങുന്നതിനുമുൻപ് പ്രവർത്തി നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിച്ച് കഴിയുമ്പോൾ തുടങ്ങിയ ഓരോഘട്ടത്തിലും ഫോട്ടോകൾ ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്

- പരിശോധിച്ച് നാലു ഫയലിൽ മൂന്നു ഘട്ടങ്ങളിൽ രേഖപ്പെടുത്തേണ്ട ഫോട്ടോകൾ ഉണ്ടായിരുന്നു.

## <u>രജിസ്റ്ററുകളുടെ പരിശോധന</u>

### കംപ്ലയിന്റ് രജിസ്റ്റർ

- സെപ്റ്റംബർ 2012-ജൂൺ 2019 വരെയുള്ള പരാതികൾ ആണ് രേഖപെടുത്തിയിരുന്നത്.
- സെപ്റ്റംബർ 2012 മുതൽ 2017 വരെയുള്ള കംപ്ലയിന്റ് 3/2/17 ൽ ജോയിന്റ് BDO സൈൻ വെച്ച് വേരിഫൈ ചെയ്തിട്ടുണ്ട്. 2019 കംപ്ലയിന്റ് വേരിഫൈ ചെയ്തിട്ടില്ല.
- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല.

### ഗ്രാമസഭ മിനുട്ട് രജിസ്റ്റർ

- സെക്രട്ടറി സർട്ടിഫൈ ചെയ്തിട്ടില്ല
- 2013 - 2018 വർഷത്തെ ഗ്രാമസഭ ഡീറ്റെയിൽസ് ഉണ്ടായിരുന്നു.

### ഡിമാൻഡ് അലോകേഷൻ രജിസ്റ്റർ

- രജിസ്റ്റർ സർട്ടിഫൈ ചെയ്തിട്ടില്ല
- ഒക്കൽ പഞ്ചായത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരുടെ കാർഡ് നമ്പറും വ്യക്തികളുടെ ഡീറ്റെയിൽസ് കൊടുത്തിട്ടുണ്ട്.
- ആകെ 85 വ്യക്തികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- തൊഴിൽ കാർഡ് നമ്പർ, തൊഴിൽ അവശ്യപെട്ട തിയതി, പ്രദേശം, വ്യക്തി, ദിവസം രേഖപെടുത്തിയിട്ടുണ്ട്. കൂടാതെ തൊഴിൽ നൽകിയതിനെ കുറിച്ചും, പ്രവൃത്തി, ദിവസം ബന്ധപെട്ട വിവരങ്ങളും ചേർത്തിട്ടുണ്ട്.
- അതിൽ നിന്നും ഡിമാൻഡ് കൊടുത്തു 15 ദിവസത്തിനുള്ളിൽ തൊഴിൽ കിട്ടിയെന്ന് മനസിലാക്കാൻ സാധിക്കും.

## തൊഴിൽ കാർഡ്

- 198 വർക്കേഴ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- രജിസ്റ്റർ ചെയ്തവരുടെ ഫോട്ടോ സഹിതം എല്ലാ ഡീറ്റെയിൽസ് രേഖപെടുത്തിയിട്ടുണ്ട് (പേര്, വയസ്, ജണ്ടർ, അഡ്രെസ്സ്, ബാങ്ക് ഡീറ്റെയിൽസ്, രെജിസ്ട്രേഷൻ ഡേറ്റ്, രെജിസ്ട്രേഷൻ നമ്പർ, )

## വർക്ക് രജിസ്റ്റർ

- 2018-2019 വർഷത്തെ ആയിരുന്നു.
- രജിസ്റ്റർ സർട്ടിഫൈ ചെയ്തിരുന്നില്ല.

## ആസ്തി രജിസ്റ്റർ

- വർക്ക് കോഡ്, വർക് തീർന്ന തിയതി, അസറ്റ് പേര്, തുടങ്ങിയ എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിരുന്നു. ഓഡിറ്റ് കാലയളവിലുള്ള അസറ്റ് ഡീറ്റൈൽസും കാണാൻ സാധിച്ചു.

## മെറ്റീരിയൽ രജിസ്റ്റർ

- 2018-2019 ലെ മെറ്റീരിയൽ രെജിസ്റ്റർ ആണ് കണ്ടത്.
- MIS നിന്നുള്ള കോപ്പിയാണ്. എല്ലാ ഡീറ്റൈൽസും വ്യക്തമായി നൽകിയിട്ടുണ്ട്.

## 1.പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളുംപുനരുദ്ധാരണം

| നമ്പർ | വർക്ക് | വർക്ക് കോഡ് | വർക്ക് ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | ഒക്കൽ പഞ്ചായത്ത് വാർഡ് 2-പ്രളയ ബാധിത പ്രദേശങ്ങളിലെ കാനകളുടെയും തൊടുകളുടെയും പുനരുദ്ധാരണം | FP/ 306241 | 04/01/2019 | 01/02/2019 | 320500 | 85649 |

- പ്രവർത്തികളിൽ തോടുകൾ കാനകൾ എന്നിവ കാടു ചെത്തി വൃത്തിയാക്കുകയും മണ്ണും ചെളിയും കോരി കളഞ്ഞിട്ടുള്ളതുമാണ്.
- പ്രവർത്തി പരിശോധന സമയത് തോടുകളുടെ സമീപത്തു കാടുകൾ കയറിയിരുന്നു. തൊണ്ടു തോടിന്റ തുടക്കം മെഷർ ചെയ്യാൻ കഴിഞ്ഞില്ല

- എസ്റ്റിമേറ്റ്, മെസുരേമെന്റ് ബുക്ക് പ്രകാശം പ്രളയക്കെടുതി നേരിട്ട തോടുകളും കാനകളും പുനരുദ്ധാരണം പ്രവർത്തി **12720 മീറ്റർ** ആയിരുന്നു ചെയ്യേണ്ടത് എന്നാൽ **14000 മീറ്റർ** ആണ് ജിയോ ട്രാക്കർ ഉപയോഗിച്ച് കിട്ടിയത്.
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും പ്രവർത്തി ചെയ്തിട്ടുണ്ട് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.
- ഫീഡർ കനാൽ , തൊണ്ടു തോട് ബ്രിഡ്ജ് എസ്റ്റിമേറ്റ് പ്രകാരമുള്ള 1metr ബ്രിഡ്ജ് ലഭിച്ചു.
- ആഴമേറിയ തൊണ്ടു തോടിന്റെ ഭാഗം ക്ലീൻ ചെയ്യിട്ടുള്ളതാണെന്നു തൊഴിലാളികൾ പറഞ്ഞു .ബൂട്ട് കൈയുറ തുടക്കത്തിൽ ഉണ്ടായിരുന്നു എന്നാൽ ഇപ്പോൾ ലഭിക്കുന്നില്ല.പ്രഥമ ശുസ്രൂഷ കിറ്റ് പ്രവർത്തി നടന്നപ്പോൾ ഉണ്ടായിരുന്നു എന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെട്ടത്.

2.ചെറുകിടനാമമാത്രകർഷകരുടെ ഭൂമിയിൽമണ്ണ്, ജല സംരക്ഷണപ്രവൃത്തികൾ റീച് 1

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിൽ മണ്ണ്, ജല സംരക്ഷണപ്രവൃത്തികൾ റീച് 1 | WC/334899 | 26/12/2018 | 18/3/2018 | 247000 | 244, 483 |

- പരിശോധന സമയത്  കൂടുതൽ ഭൂമിയും കൃഷി യോഗ്യമായിരുന്നു. ചില പ്രദേശങ്ങൾ കൃഷി ഒന്നും ചെയ്യാതെ കാട്കേറിയതിനാൽ  അളവ് എടുക്കാൻ സാധിക്കുമായിരുന്നില്ല.
- ഗുണഭോക്താക്കളോട്  സംസാരിച്ചതിൽ നിന്നും പ്രവർത്തി ചെയ്തിട്ടുണ്ട് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്
- 2019 ലെ മഴയിൽ ഈ പ്രദേശത്ത് വെള്ളം കയറിയിരുന്നു. കൃത്യമായിഅളവെടുക്കാൻ പാകത്തിന് ആയിരുന്നില്ല
- കൃഷി സ്ഥലം എല്ലാം തന്നെ  കാടുമൂടിയാൽ  കൃത്യമായിഅളവെടുക്കാൻ പാകത്തിന് ആയിരുന്നില്ല
- മെഷർമെൻറ്ബുക്ക്പ്രകാരമുള്ള പ്രവർത്തികൾക്കും ഉപരി വസ്തുവിന്റെ ഉടമസ്ഥൻ  ആവശ്യപ്പെടുന്ന അളവിലുള്ള  കുഴികളും ആ വസ്തുവിൽ ആവശ്യമുള്ള പ്രവർത്തികളുമാണ്  കൂടുതലും ചെയ്തുവരുന്നത് .അതിനാൽ കൃത്യമായ അളവിലുള്ള കുഴികളും മറ്റും കുറവായിരുന്നു.
- പ്രവൃത്തി സ്ഥലത്ത് CIB ബോർഡ് കാണുവാൻ സാധിച്ചു. എന്നാൽ വെള്ളം കയറിയ വീട് ആയതിനാൽ ബോർഡ് മറിഞ്ഞു കിടക്കുകയായിരുന്നു.
- ഏക്കർ  കണക്കിൽ സ്ഥലം ഉള്ള ഗുണഭോക്താവിന്റെ സ്ഥലത്തു പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ സ്ഥലം  കൃഷിക് അനുയോഗ്യമാക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല.
- എന്നാൽ കൃഷിക്അനുയോഗ്യമാക്കി നൽകിയ ചിലഗുണഭോക്താവിന്റെ പ്രവർത്തിസ്ഥലത്തു വളരെ നന്നായി കൃഷി ചെയ്തിരിക്കുന്നത്കാണാൻ സാധിച്ചു.

**അനുബന്ധം**

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ്ബുക്ക് പ്രകാരം - അളവ് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഹസീംഖാൻ (161/1-8) | നിലം ഒരുക്കൽ | 108 | | നിലമൊരുക്കിയ സ്ഥലത്ത് കൃഷികൾ ചെയ്തിട്ടുണ്ട്. പക്ഷെ അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു |
| 2. | ഖദീജ (161/9) | നിലമൊരുക്കൽ | 49 m2 | | പലയിടങ്ങളിലായി വ്യത്യസ്തഅളവിൽ നിലമൊരുക്കൾ ചെയ്തതിനാൽ കൃത്യമായിഅളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല. |
| 3. | അലിയാർ (161/6) | നിലമൊരുക്കൽ | 144 m2 | | കുറച്ചു സ്ഥലം നിരപ്പാക്കി വീട് പണിക്കു വേണ്ടി തരായിട്ടിരിക്കുന്നു. അളവ് രേഖപ്പെടുത്താൻ സാധിച്ചില്ല. |
| 4. | അന്തോണി | നിലമൊരു | 90 m2 | 50 m 2 | കപ്പ കൃഷി ചെയ്തിരുന്നു. |

| | | | | | |
|---|---|---|---|---|---|
| | (175/17) | ക്കൽ<br><br>കപ്പ വാരം എടുത്തിരിക്കുന്നു | | | |
| 5. | സുബൈദ<br><br>(175/5-2) | നിലം ഒരുക്കൽ<br><br>വേസ്റ്റ് കുഴി | 72m2 | | അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു<br><br>M. ബുക്കിൽ പറയാതെ ഒരു വേസ്റ്റ് കുഴി കാണാൻ സാധിച്ചു. |
| 6. | ത്യാഗരാജൻ<br><br>( 201/6-2-2) | മണ്ണ്, ചെളി ക്ലീനിങ് | 198 m2 | | കാടുകയറി കിടക്കുന്നത് കൊണ്ട് അളവ് രേഖപ്പെടുത്താൻ സാധിച്ചില്ല. |
| 7. | ഔ സേ പച്ചൻ<br><br>(197/14/5-2) | നിലമൊരുക്കൽ | 96 m2 | | ഗേറ്റ് പൂട്ടി കിടന്നതുകൊണ്ട് സൈറ്റ് കാണാൻ സാധിച്ചില്ല. ഉടമസ്ഥൻ നാട്ടിലില്ലായിരുന്നു |
| 8. | ജോസ്<br><br>(199/4-1) | നിലമൊരുക്കൽ | 160 m2 | | കാടു കയറി കിടക്കുന്നതിനാൽ അളവ് എടുക്കാൻ പറ്റിയില്ല. . |
| 9. | ജോസ്<br><br>(176/14) | നിലമൊരുക്കൽ | 240 m 2 | | കാടുകയറി കിടക്കുന്നത് കൊണ്ട്അളവ് രേഖപ്പെടുത്താൻ |

| | | | | | |
|---|---|---|---|---|---|
| | | | | | സാധിച്ചില്ല. |
| 10. | വർഗീസ്<br>(176/2-2) | നിലമൊരുക്കൽ<br>മഞ്ഞൾ, വാഴ ജാതി തടം എടുത്തു. | 224 m2 | | മഞ്ഞൾ, ഇഞ്ചി കൃഷിചെയ്തുവരുന്നു |
| 11. | അഷ്റഫ്<br>(175/7-2) | നിലമൊരുക്കൽ | 264 m2 | | സ്ഥലം കാണുവാൻ സാധിച്ചില്ല. വീട് പൂട്ടി കിടക്കുന്നു. ഉടമസ്ഥർ ഗൾഫിൽ. |
| 12. | ദേവസ്യ<br>(177/10 pt) | നിലമൊരുക്കൽ | 550 m2 | | പ്രളയം കാരണം മഴ വെള്ളം കേറിയതിനാൽ CIB ബോർഡ് വരെ മറിഞ്ഞു കിടക്കുന്ന അവസ്ഥ യിൽ ആയിരുന്നു. |
| 13. | ദേവസ്യ<br>(177/11) | നിലമൊരുക്കൽ | 132m2 | | കാടുകയറി കിടക്കുന്നു. |
| 14. | സെബാസ്റ്റ്യൻ<br>(177/9-2) | നിലമൊരുക്കൽ | 128m2 | | പ്രളയത്തിന് വെള്ളം കയറിയതിനാൽ കാടു കയറി പുല്ല് മെത്തി കിടക്കുകയായിരുന്നു |

| | | | | | |
|---|---|---|---|---|---|
| 15. | ദേവസികുട്ടീ (199/4-2) | നിലമൊരു ക്കൽ | 250m2 | | അളവുകൾ രേഖപ്പെടുത്താൻ സാധിക്കാത്തതായിരു ന്നു |
| 16. | ജോസ് (175/10) | നിലമൊരു ക്കൽ | 371m2 | | കൃഷിയോഗ്യമാണ് |
| 17. | പ്രിൻസി (177/7-3-4) | നിലമൊരു ക്കൽ | 96m2 | | കൃഷി ചെയ്തിരുന്നു |
| 18. | പ്രിൻസി (177/8-3-4) | നിലമൊരു ക്കൽ | 77m2 | | അളവ് രേഖപ്പെടുത്തുന്നതിന് പറ്റാത്തത് ആയിരുന്നു. |
| 19. | പൗലോസ് (176/1-2) | നിലമൊരു ക്കൽ | 81m2 | 80m2 | കൃഷി യോഗ്യമാണ് |
| 20. | സിസിലി (176/3 pt) | നിലമൊരു ക്കൽ | 36m2 | | കാടു കയറികിടക്കുന്നതി നാൽ അളവ് എടുക്കാൻ സാധിച്ചില്ല. |
| 21. | ദേവസി (200/2) | നിലമൊരു ക്കൽ | 120m2 | | കൃഷി ചെയ്തിരുന്നു |
| 22. | ജോസ് (197/2) | നിലമൊരു ക്കൽ<br><br>തെങ്ങു, | 288m2 | | കൃഷി ഉണ്ടായിരുന്നു<br><br>M. ബുക്കിൽ കാണിച്ചിരുന്നില്ല |

| | | | | | |
|---|---|---|---|---|---|
| | | വാഴ തടം | | | |
| 23. | ജോസ്<br>(204/1) | നിലമൊരു ക്കൽ<br><br>കുഴി എടുത്തു. | 150m2 | | അളവ് രേഖപ്പെടുത്താൻ സാധിച്ചില്ലകൃഷി കുറച്ചു നശിച്ചു. .<br><br>M. ബുക്ക് പ്രകാരം രേഖയില്ല. |
| 24. | അബ്ദുൾ നാസർ<br><br>(206/17)<br><br>(205/5)<br><br>(159/3) | നിലമൊരു ക്കൽ<br><br>"<br><br>"<br><br>" | 336m2<br><br>90m2<br><br>396m2<br><br>60m2 | | കൃഷി യോഗ്യമായിരുന്നു<br><br>. പുഴവെള്ളം കേറിയതിനാൽ അളവ് എടുക്കാൻ സാധിച്ചില്ല.പുഴ അതിരാണ് സ്ഥലം സ്ഥിതി ചെയ്യുന്നത്<br><br>"<br><br>" |

| | | | | | |
|---|---|---|---|---|---|
| | (205/13-1)<br><br>(205/13-2-3)<br><br>(201/1-6) | "<br><br>" | 252m2<br><br>200m2 | | "<br><br>" |
| 25. | റോസി<br>(197/14/5-3) | നിലമൊരുക്കൽ | 72m2 | | കൃഷിയുണ്ടായിരുന്നു. അളവെടുക്കാൻ സാധ്യമല്ലയിരുന്നു |
| 26. | വർഗീസ്<br>(175/9-1) | നിലമൊരുക്കൽ | 12 2 m2 | | അളവെടുക്കാൻപറ്റിയില്ല .പള്ള കയറിയേൽക്കുവർന്നു . |

## 3.ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച് - 2

| നമ്പർ | വർക്ക് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ചതീയതി | എസ്റ്റിമേറ്റ്തുക | ചിലവാക്കിയതുക |
|---|---|---|---|---|---|---|
| 1 | ചെറുകിട നാമമാത്ര | WC/34007 1 | 26/02/2019 | 26/6/2019 | 241000.36 | 237853 |

| | | | | | | |
|---|---|---|---|---|---|---|
| | കർഷകരുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ റീച്ച് 2 | | | | | |

- പ്രവർത്തി പരിശോധനസമയത് പ്രവർത്തി സ്ഥലങ്ങളിൽ കാടുകൾ കയറിയിരുന്നു.
- സമീപവാസികളോട് സംസാരിച്ചതിൽ നിന്നും പ്രവർത്തി ചെയ്തിട്ടുണ്ട് എന്നാണ് മനസിലാക്കാൻ സാധിച്ചു
- കൂടുതലും വാഴ വയ്ക്കുന്നതിനായി കുഴി എടുക്കുന്നതിനും നിലവിലുണ്ടായിരുന്നു വാഴ കൃഷിക്ക് വാരം എടുക്കുന്നതും ആണ് പ്രവർത്തികൾ
- എന്നാൽ ചില സ്ഥലങ്ങളിൽ എസ്റ്റിമേറ്റിൽ പറയാത്ത മഴക്കുഴി നിർമ്മാണം ചില ഇടങ്ങളിൽ ചെയ്തതായി കണ്ടെത്താൻ സാധിച്ചു
- വാഴക്ക് തടം എടുത്തതും തെങ്ങിന് തടം എടുത്തതും ജാതിക്ക തടം എടുത്തതും എല്ലാം പ്രളയത്തിൽ മഴ വെള്ളം കയറി നശിച്ചു പോയിരുന്നു
- C.I.B ബോർഡ് കണ്ടെത്താൻ സാധിച്ചില്ല. 3000 രൂപ എസ്റ്റിമേറ്റിൽ കാണിച്ചിട്ടുണ്ട്.
- M ബുക്ക് പ്രകാരം ഉള്ള പ്രവർത്തികൾക്കും ഉപരി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള കുഴികളും ആ വസ്തുവിൽ ആവശ്യമുള്ള പ്രവർത്തികളുമാണ് കൂടുതലും ചെയ്തുവരുന്നത്. അതിനാൽ കൃത്യമായ അളവിലുള്ള കുഴികളും മറ്റും കുറവായിരുന്നു. ചെയ്ത വർക്കുകൾ നന്നായി ചെയ്തു എന്ന് ഭൂമിയുടെ ഉടമസ്ഥരിൽ നിന്നും അറിയാൻ സാധിച്ചു

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ്ബുക്ക് പ്രകാരം | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | - അളവ് | | |
| 1 | പൗലോസ് (185/1-3) | നിലം ഒരുക്കൽ (വാഴ, തെങ്ങ് , ജാതി എന്നിവ ക്കു തടം എടുക്കൽ | 264. 00m 2 | | നിലം ഒരുക്കിയ സ്ഥലത്ത് നിലവിൽ ഉണ്ടായിരുന്ന വാഴയ്ക്ക തടം എടുത്തിരുന്നു. ജാതിക്കും തെങ്ങിനും തടമെടുത്ത് ആയിരുന്നെങ്കിലും നിലവിൽ ഒന്നും കാണാൻ സാധിച്ചില്ല |
| | ജിമ്മി(145/3-5) | നിലമൊരുക്കൾ ജാതിക്കും തെങ്ങിൻ തടം | **392m2** | | പ്രവർത്തിച്ച നടന്ന സ്ഥലം കാടുപിടിച്ച് കിടന്ന ഒന്ന് കാണാൻ സാധിച്ചില്ല പ്രളയം വന്ന് പകുതിയും നശിച്ചുപോയിരുന്നു |
| 2 | ശ്യാം ജോസ്(186/92), (183/2-2) | .നിലമൊരുക്കൽ. ജാതിക്കും തെങ്ങിനും തടം | 361.00m2 | | തടമെടുത്ത് ഒന്നും കാണാൻ സാധിച്ചില്ല. മെഷർമെന്റ് നടത്താൻ പാകത്തിൽ ഒന്നുമുണ്ടായിരുന്നില്ല |
| 3 | തോമസ്(153/13-2), (153/5-3) | വാഴകൃഷി വാരം എടുക്കൽ | 360m2 | 360 m 2 | 9 വാരങ്ങൾ കാണാനായി സാധിച്ചു ഉണ്ടായിരുന്നതിൽ എല്ലാത്തിലും വാഴ വെച്ചിരുന്നു |

| | | | | | |
|---|---|---|---|---|---|
| 4 | ഗോവിന്ദൻ(146/17, 146/16, 146/14, 146/15, 186/9.) | വാഴകൃഷി കപാരം എടുക്കൽ | 250m2<br>265.m2<br>174.m2,<br>225.m2<br>308.m2,<br>72.m2 | | വാരം എടുത്തതിൽ വാഴകൾ കാണാൻ കഴിഞ്ഞിരുന്നു എങ്കിലും പഴയ വാരത്തിന് പകുതിയിലും പുതിയ വർക്കിംഗ് ഭാഗമായി പുതിയ വാരങ്ങൾ എടുത്തിരുന്നു |
| | | | | | |
| 5 | ജോയി(153/1-2), 153/3-2, 153/3-4)<br>322/18, 130/8-1) | വാഴകൃഷിക്ക് കുഴി, തെങ്ങിനും ജാതിക്കും തടം | 90.m2<br>160.m2<br>144.m2<br>270.m2,<br>224.m2 | | കൃഷി സ്ഥലം കാണാൻ സാധിച്ചെങ്കിലും കാട് പിടിച്ചതിനാൽ പ്രവേശിക്കാനോഅളക്കാനോസാധിക്കില്ല |
| 7 | ഡെയ്സി150/25 | വാഴകപാരം എടുക്കൽ, മഴക്കുഴി | 144.m2 | | തെങ്ങിനും ജാതിക്കും തടം എടുക്കുന്ന പ്രവർത്തി ആയിരുന്നെങ്കിലും 57 മഴക്കുഴികൾ കണ്ടെത്താൻ സാധിച്ചു ബാക്കിയുള്ള്ള വനികന്നു പോയിരുന്നു മഴക്കുഴി..മെഷർമെന്റ്ബുക്കിലുള്ള പ്രവർത്തിയല്ലാ. |
| 8 | വർക്കി153/42) | നിലമൊരുക്കൽ ജാതിക്കും | 280.m2 | | പ്രളയം വന്നതിനാൽതെങ്ങിന്റെയും |

| | | | | | |
|---|---|---|---|---|---|
| | | തെങ്ങിനും തടം എടുക്കൽ | | | ജാതിയുടെയും തടങ്ങൾ കാണാൻ സാധിച്ചില്ല |
| 9 | ജസീന്ത(153/13-3, 133/6-3) | ജാതിക്കും തെങ്ങിൻ തടം എടുക്കൽ, വാഴക്ക വാരം എടുക്കൽ | 168.m2<br>224.00m2 | | കാടുപിടിച്ചു കിടക്കുന്നതിനാൽ അളവ് എടുക്കാൻ സാധിച്ചില്ല |
| 10 | ജോബി(156/16) | വാഴ വെക്കാൻ കുഴിയെടുത്തു ജാതി തെങ്ങ് എന്നിവയ്ക്ക് തടം | 111.m2 | | കുഴി എടുത്തു തരുന്നതിൽ എല്ലാം വാഴ വെച്ചിരുന്നു. തടമെടുത്തത് കാണാൻ സാധിച്ചില്ല |
| 11 | പരമേശ്വരൻ (185/1, 183/2, 183/9) | നിലമൊരുക്കിവാഴ വയ്ക്കാൻ കുഴി എടുക്കൽ | 242.m2<br>240.m2,<br>121.m2 | | കുഴികളിൽ എല്ലാം വാഴ വെച്ചിരുന്നു പുതിയ കുഴികളെടുത്ത് അതിനാൽ പഴയത് കാണാൻ സാധിച്ചില്ല |

**4.ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുല്ല് കൃഷിക്ക് നിലമൊരുക്കൽ**

| പ്രവർത്തിയുടെ കോഡ് | പ്രവർത്തിയുടെ പേര് | പ്രവർത്തി ആരംഭിച്ച തിയതി | പ്രവർത്തി അവസാനിച്ച തിയതി | എസ്റ്റിമേറ്റ് തുക | ചിലവായ തുക |
|---|---|---|---|---|---|
| IF/310134 | ക്ഷീര വകുപ്പുമായി സംയോജിച്ചു തീറ്റപ്പുല്ല് കൃഷിക്ക് നിലമൊരുക്കൽ | 08/11/18 | 15/11/18 | 102000 | 100596 |

- ഫയലിൽ രേഖപ്പെടുത്തിയത് പോലെ തന്നെ എല്ലാ വീടുകളും സന്ദർശിച്ചു. അതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത് തീറ്റപ്പുൽ കൃഷിക്ക് നിലമൊരുക്കൽ എന്ന പദ്ധതി എല്ലാ ഉപഭോക്താക്കൾക്കും തന്നെ വളരെ ഉപകാരപ്രദമായി എന്ന് അറിയാൻ സാധിച്ചു.

- ഈ വർഷത്തെ വെള്ളപ്പൊക്കത്തെത്തുടർന്ന് ഒക്കൽ പഞ്ചായത്തിലെ ഭൂരിഭാഗം താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിൽ ആയിരുന്നു. കഴിഞ്ഞ പ്രളയത്തെ പേടിച്ചു കൊണ്ട് ഗ്രാമവാസികൾ എല്ലാവരും തന്നെ മറ്റു സ്ഥലങ്ങളിലേക്ക് മാറി പോയിരുന്നു.

- ആയതിനാൽ വെള്ളപ്പൊക്ക പ്രദേശത്തുണ്ടായിരുന്ന ഭൂരിഭാഗം തീറ്റപ്പുൽ കൃഷിയും നശിക്കാൻ ഇടയായി. ഒരു ആഴ്ചയോളം വെള്ളം കെട്ടിക്കിടന്ന അവസ്ഥയിൽ ആയിരുന്നു കൃഷിയിടങ്ങൾ എല്ലാം. കൃഷിസ്ഥലത്ത് വെള്ളം കെട്ടി നിന്നതിനാൽ പുല്ല് കട യോടു കൂടി ചീഞ്ഞു പോയി.

- വെള്ളപ്പൊക്കത്തെ അതിജീവിച്ച രണ്ട് മൂന്ന് ചെടികൾ മാത്രമാണ് പലയിടത്തും കാണാൻ സാധിച്ചത്. വെള്ളപ്പൊക്കം വന്നു പുല്ല് കൃഷി നശിച്ചു പോയതിനാൽ തരിശുഭൂമി യായി കിടക്കണ്ട എന്നുകരുതി ഭൂവുടമകൾ കപ്പ വാഴ ചേന ചേമ്പ് എന്നീ കൃഷി കൾ ചെയ്തുവരുന്നു.

- ഉടമസ്ഥരിൽ നിന്ന് അറിയാൻ സാധിച്ചാ മറ്റൊരു വസ്തുത തൊഴിലാളികൾ എല്ലാവരും തന്നെ വളരെ നന്നായി പണികൾ ചെയ്തിരുന്നുവെന്നും അത് വളരെ ഉപകാരപ്രദമായി എന്നും വെള്ളപ്പൊക്കത്തെത്തുടർന്ന് എല്ലാം നശിച്ചു പോയതെന്നും അറിയാൻ കഴിഞ്ഞു സാധിച്ചു .അവർ അത് സാക്ഷ്യ പെടുത്തിയിട്ടുണ്ട്
- CIB അവിടെ ഉണ്ടായിരുന്നില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തനം | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് പ്രകാരം-അളവ് | ഫീൽഡിൽ കണ്ട അളവ് | റിമാർക്ക് |
|---|---|---|---|---|---|
| 1 | കുഞ്ഞൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 81 m2 | - | കാടു കേറി കിടക്കുന്നു. വെള്ളപൊക്കം കരണംനശിച്ചു എന്നറിയാൻ കഴിഞ്ഞു |
| 2 | റീന | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 80 m2 | - | വെള്ളപൊക്കത്തിൽ നശിച്ചു |
| 3 | സതനഥൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 63m2 | - | സ്ഥലം ഉടമസ്ഥൻ ഇ ഭൂമി വേറെ ഒരാൾക്ക് കൊടുത്തതായി അറിഞ്ഞു. അയാൾ പുല്ല് കളഞ്ഞു അതിൽ വാഴ ചേന എന്നിവകൃഷി ചെയ്തിരിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 4 | സജീവ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 90m2<br>72 m2<br>88 m2 | - | താഴ്ന്ന പ്രദേശത്തെ സ്ഥലങ്ങൾ വെള്ളപൊക്കം കാരണം നശിച്ചുപോയ് |
| 5 | റോസി | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 42 m2<br>60 m2 | - | കാടു  കേറി അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു<br>വെള്ളപ്പൊക്ക പ്രദേശം |
| 6 | അമ്മിണി | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 45m2 | - | അളന്നു തിട്ടപ്പെടുത്താൻ കഴിഞ്ഞില്ല രണ്ടുമൂന്നു കട പുല്ല് കാണാൻ സാധിച്ചു |
| 7 | മാത്യു | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 143m2<br>99m2 | - | ഒക്കൽ പഞ്ചായത്തിലെ പാടത്തിനോട് ചേർന്ന പ്രദേശം വെള്ളപ്പൊക്കത്തിൽ ഇപ്പോൾ കപ്പ വാഴ എന്നിവ നട്ടിരിക്കുന്നു |
| 8 | പ്രവീണ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 132m2 | - | പ്രളയം കാട് പിടിച്ചു കിടക്കുന്നു അളവെടുക്കാൻ യോഗ്യമല്ല |
| 9 | സോഫി | തീറ്റ പുല്ല് കൃഷിക്ക് നിലം | 90m2 | - | വെള്ളപ്പൊക്ക പ്രദേശം കാട് പിടിച്ചു കൃഷി യോഗ്യം |

| | | | | | |
|---|---|---|---|---|---|
| | | ഒരുക്കൽ | | | അല്ലാതെ ആയി കിടക്കുന്നു |
| 10 | പ്രജീഷ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 81m2 | - | വെള്ളപ്പൊക്ക പ്രദേശം കാട് പിടിച്ചു കൃഷി യോഗ്യം അല്ലാതെ ആയി കിടക്കുന്നു |
| 11 | തോമസ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 180m2 | - | കൃഷി നശിച്ചു തരിശ് ഭൂമി ആയി കിടക്കുന്നു |
| 12 | ബാബു | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 110m2 | - | അളവെടുക്കാൻ പറ്റാത്ത രീതിയിൽ കാട് പിടിച്ചു കിടക്കുന്നു |
| 13 | രാമകൃഷ്ണൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 104m2 | 24 m2 | ഭാഗീകം ആയിട്ട് ഉണ്ട് |
| 14 | വർഗീസ് | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 49m2 | - | വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷി നശിച്ചു |
| 15 | ജോൺ പോൾ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 210m2 | 200m2 | ഒക്കൽ പഞ്ചായത്തിൽ ഉയർന്ന പ്രദേശം കൃഷി നന്നായി കാണാൻ സാധിച്ചു |
| 16 | രാജൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 64m2 | - | വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷി നശിച്ച |

| | | | | | |
|---|---|---|---|---|---|
| 17 | ഗോവിന്ദ രാമൻ | തീറ്റ പുല്ല് കൃഷിക്ക് നിലം ഒരുക്കൽ | 168m2 | -- | വെള്ളപ്പൊക്കത്തെ തുടർന്ന് കൃഷി നശിച്ചതിനാൽ മറ്റു കൃഷി ചെയ്തിരിക്കുന്നു |

## 5.കൃഷി വകുപ്പുമായി സംയോജിച്ചു ജെ ൽ ജി പാട്ടതിനെടുത്ത സ്ഥലം കൃഷിക്കനുയോജ്യമാക്കൽ റീച്

| നമ്പർ | വർക്ക് | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | എസ്റ്റിമേറ്റ് തുക | ചിലവാക്കിയ തുക |
|---|---|---|---|---|---|---|
| 1 | കൃഷി വകുപ്പുമായി സംയോജിച്ചു ജെ ൽ ജി പാട്ടതിനെടുത്ത സ്ഥലം കൃഷിക്കനുയോജ്യമാക്കൽ | LD/235114 | 11/12/18 | 21/12/18 | 144048 | 148935 |

| | | | | | | |
|---|---|---|---|---|---|---|
| | റീച് 1 | | | | | |

- കൃഷി വകുപ്പു മായി സംയോജിച്ചു ജെ ൽ ജി പാട്ടത്തിന് എടുത്ത സ്ഥലം കൃഷിക്ക് അനുയോജ്യമാക്കൽ റീച് 1 അതിന്റ ഭാഗമാക്കി നിലം ഒരുക്കി വാഴ, മഞ്ഞൾ, മറ്റു പച്ചക്കറികൾ എന്നിവ നടുകയുംതെങ്ങിൻ, ജാതിക്ക് എന്നിവക്ക് തടം കോരൽ എല്ലാം ഉണ്ടായിട്ടുന്നു.
- സമീപവാസികളോട് സംസാരിച്ചതിന് നിന്നും പ്രവർത്തി ചെയ്തിട്ടുണ്ട് എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്.
- ഇ പ്രവർത്തിയിൽ അളവ് എസ്റ്റിമേറ്റ്, മെസുരേമെന്റ് ബുക്ക് പ്രകാശം 3691 sqm ആയിരുന്നു എന്നാൽ 3680 sqm എം ബുക്ക് ഉണ്ടായിരുന്ന
- മെഷർമെൻറ് ബുക്ക് പ്രകാരമുള്ള പ്രവർത്തികൾക്കും ഉപരി വസ്തുവിന്റെ ഉടമസ്ഥൻ ആവശ്യപ്പെടുന്ന അളവിലുള്ള പ്രവർത്തികളുമാണ് കൂടുതലും ചെയ്തു വരുന്നത്.അതിനാൽ കൃത്യമായ അളവിലുമറ്റും കുറവായിരുന്നു.
- പ്രവർത്തി സ്ഥലം കാട് പിടിച്ച കിടന്നതിനാൽ അളവ് എടുക്കാൻ പറ്റിയില്ല.
- ഏക്കർ കണക്കിൽ സ്ഥലം ഉള്ള ഗുണഭോക്താവിന്റെ സ്ഥലത്തു പലയിടത്തായി പ്രവർത്തികൾ ചെയ്യുന്നതിനാൽ സ്ഥലം കൃഷിക് അനുയോഗ്യമാക്കൽ എന്ന പ്രവർത്തിയുടെ അളവിൽ വ്യക്തതയില്ല.
- രണ്ട് പ്രവർത്തി സ്ഥലത്ത് പോകാനും അളവ് എടുക്കാനും കഴിഞ്ഞില്ല.
- (1.ജിസ് സ്ഥലയുടമ സ്ഥലത്തതിനാൽവീട് പൂട്ടി കിടക്കുന്നു ,

  2 ജെയിംസ് ബാങ്ക് ജപ്തി മൂലം വീടും സ്ഥലവും പൂട്ടി കിടക്കുന്നു). പ്രവർത്തി നടന്നതായി സമീപ വാസികൾ സാക്ഷ്യ പെടുത്തി.

| നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രവർത്തി | എസ്റ്റിമേറ്റ്/ മെഷർമെന്റ് ബുക്ക് | പരിശോധനയിൽ കണ്ടെത്തിയ അളവ് | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പ്രകാരം - അളവ് | | |
| 1 | പോളി<br>(179/3) | നിലമൊരുക്കൽ | 396 m2 | _ | നിലമൊരുക്കി മഞ്ഞൾ, പച്ചക്കറി നട്ടു.വാഴ, ജാതി, തെങ്ങ് ഇവക്ക് തടം എ ന്നിവ ഭാഗികമായി കാണാൻ സാധിച്ചു. എന്നാൽ അളകുവാൻ കഴിഞ്ഞില്ല. |
| 2 | ജെയിംസ്<br>(149/1)<br>(149/8) | നിലമൊരുക്കൽ | 708 m2 | _ | വീടും സ്ഥലവും ബാങ്ക് ജപ്തി ചെയ്യതിനാൽ വർക് സൈറ്റ് കാണാനും measure ment അടുക്കനും കഴിഞ്ഞില്ല. |
| 3 | ജിമ്മി<br>(145/3-5) | നിലമൊരുക്കൽ | 644 m2 | _ | പലയിടങ്ങളിലായി വ്യത്യസ്ത അളവിൽ നിലമൊരുക്കൾ ചെയ്യതിനാൽ കൃത്യമായി അളന്നു തിട്ടപ്പെടുത്താൻ സാധിക്കില്ല.കൂടുതൽ ഭാഗത്തും കാടു പിടിച്ചുകിടക്കുകയായിരുന്നു. |
| 4 | ആന്റണി<br>(145/3-2) | നിലമൊരുകക്കൽ | 288 m2 | _ | കാടു പിടിച്ചുകിടക്കുകയായിരുന്നു.വർക് site കയറുവാനുംഅളവെടുക്കാനും |

| | | | | | |
|---|---|---|---|---|---|
| | | | | | കഴിഞ്ഞില്ല. |
| 5 | ജോസഫ്<br>(145/3-6) | നിലമൊരുക്കൽ | 160 m2 | _ | അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു |
| 6 | ജിസ്<br>(151/3-2)<br>(151/3-2) | നിലമൊരുക്കൽ | 889 m2 | _ | വർക് സൈറ്റ് മതിൽ കെട്ടിത്തിരിച്ചു പൂട്ടിയിരുന്നതിനാൽ പറമ്പിൽ കയറാനും അളവെടുക്കാനും പറ്റി യില്ല. |
| 7 | ജോയ്<br>(322-5-2-2) | നിലമൊരുക്കൽ | 336 m2 | _ | കാടു കേറിയതും, മൂടിയതുമായ വരാം അളന്നു തിട്ടപ്പെടുത്താൻ സാധിക്കാത്തവയായിരുന്നു. |

## നിർദേശങ്ങൾ

### ബി.ഡി.ഒ.

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്

- ഡി.ഇ.ഓ, അക്കൗണ്ടന്റ് , ഓവർസീർ അക്രെഡിക്കൂഡ് എൻജിനീയർ ,മേറ്റ്മാർ എന്നിവർക്കു കൃത്യമായ ട്രെയിനിങ്ങുകൾ കൊടുക്കാൻ ശ്രദ്ധകേണ്ടതാണ്
- പ്രവർത്തി സ്ഥലങ്ങൾ സന്ദർശിക്കുന്നതു ഗുണകരമായിരിക്കും

## സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി

- മസ്റ്റർ റോളിൽ ഒപ്പു, സീൽ എന്നിവ പതിപ്പിക്കുന്നതിനോടൊപ്പം തിയതി കൂടെ ഇടുവാൻ ശ്രദ്ധിക്കേണ്ടതാണ്
- 7 രെജിസ്റ്ററുകളും മെഷർമെന്റ് ബുക്കും സാക്ഷ്യപെടുത്തി ആധികാരിത ഉറപ്പ് വരുത്തുക
- തൊഴിലാളികളുടെ അവകാശങ്ങൾ . അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉറപ്പു വരുത്തുക. ചികിത്സ ചിലവുകൾ കൃത്യമായി അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുക
- വിജിലെൻസ് മോണിറ്ററിങ് കമ്മിറ്റിയെ ശക്തിപ്പെടുത്തുക

## നിർവഹണ ഉദ്യോഗസ്ഥർ(അക്കൗണ്ടന്റ്, ഡിഇഓ, അക്രെഡിക്കൂഡ് എഞ്ചിനീയർ , ഓവർസിയർ

- വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം 22 ഡോക്യൂമെന്ററസ് ഉണ്ടെന്ന ഉറപ്പു വരുത്തി ഫയലുകൾ തയ്യാറാക്കുക.
- തൊഴിൽ കാർഡ് കൃത്യമായി എഴുതി സൂക്ഷിക്കാനും, മാസ്റ്റർറോളുകള് വെട്ടിത്തിരുത്തലുകൾ കൂടാതെ സൂക്ഷിക്കാനുമുള്ള നിർദേശങ്ങൾ നൽകണം
- പ്രവർത്തിയുടെ ആവശ്യകതയും ഉപയോഗവും കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗിൽ തൊഴിലാളികൾക് പറഞ്ഞുകൊടുക്കുക.കൃത്യമായി തൊഴിലിടം സന്ദർശിക്കുക
- ഡിമാൻഡ് അനുസരിച്ചു തോഴിൽ നൽകുക.

## മേറ്റ്

- കൃത്യമായി ഒപ്പിട്ട മസ്റ്റർ റോൾ സൂക്ഷിക്കുക.

- ഹാജർ. അബ്സെന്റ എന്നിവ അപ്പപ്പോൾ തന്നെ എഴുതുക
- മാസ്റ്റർ റോളിൽ വെട്ടിത്തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കുക.
- തൊഴിൽ ദിനങ്ങളുടെ തിയതി അടയാളപ്പെടുത്തുക
- ഓരോ പ്രവർത്തി കഴിയുമ്പോഴും മാസ്റ്റർറോൾ സൈറ്റ് ഡയറി എന്നിവ സൈറ്റ് ഡയറി പൂർണമായും പൂരിപ്പിക്കുക, അപകടങ്ങൾ ഉണ്ടായാൽ സൈറ്റ് ഡയറിയിൽ എഴുതുകയും നിർവഹണ ഉദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്യുക.
- കൃത്യ അളവിലും നിലവാരത്തിലും ജോലി ചെയ്യുന്നുണ്ടെന് ഉറപ്പു വരുത്തുക
- തൊഴിൽ കാർഡ് കൃത്യമായി പൂരിപ്പിക്കുക

**പ്രധാന നിരീക്ഷണങ്ങൾ**

1. തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിനു ഉദ്യോഗസ്ഥർ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

2. ഫയലുകളിൽ ഡോക്യൂമെന്റസ് സൂക്ഷിക്കുന്നതിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ എടുക്കുന്ന പരിശ്രമം xഅഭിനന്ദാർഹമാണ്

3. ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ആവർത്തന വിരസത കാണുന്നു. കൂടുതൽ ഉപയോഗ്യ പ്രദമായ പ്രവർത്തികൾ ഏറ്റെടുക്കേണ്ടതുണ്ട്. പൊതുവായി ചർച്ചകൾ നടത്തി പ്രവർത്തികൾ കണ്ടു പിടിക്കണം.

4. പൊതു ജനങ്ങളുടെ പങ്കാളിത്തം തൊഴിലുറപ്പ് പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ് .വാർഡിലെ പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ഗ്രാമസഭകളിൽയുടെയും അയൽക്കൂട്ടംതല ചർച്ചകളിലൂടെയും തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവർത്തികൾ കണ്ടെത്തുകയും അവയുടെ ഗുണമേന്മ യും ഉറപ്പു വരുത്തേണ്ടതാണ്.

5. പ്രവർത്തിയിടങ്ങളിൽ തണൽ സൗകര്യം, പ്രഥമ ശുശ്രുഷ കിറ്റുകൾ, ,വെള്ളം , എന്നിവ ഉള്ളതാണ്.

6. പ്രവർത്തിയിടങ്ങളിൽ 1സ്ഥലത്തു മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചത്. മറ്റു 4 സ്ഥലങ്ങളിലും സിബി ഉണ്ടായിരുന്നില്ല

7. തൊഴിൽ കാർഡുകൾ പാസ്സ് ബുക്കുകൾ കൃത്യമായി പൂരിപ്പിച്ചിട്ടില്ലാത്തതായി ശ്രദ്ധയിൽപെട്ടു.

8. ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കം മുതൽ തന്നെ പണി കിട്ടുകയാണെങ്കിൽ തൊഴിൽ ദിനങ്ങൾ കൂടുതൽ കിട്ടുമെന്ന് അഭിപ്രായപെട്ടു.

9.100 തൊഴിൽ തികച്ച തൊഴിലാളികൾക്ക് ബോണസ് കിട്ടയതായി അറിയാൻ പറ്റി.

10. വേതനം ലഭിക്കുന്നത് പ്രവർത്തി കഴിഞ്ഞു മാസങ്ങൾക് ശേഷമാണ്. ആയതിനാൽ തൊഴിലുറപ്പ് നിർത്തുന്ന തൊഴിലാളികളുടെ എണ്ണം ദിവസം പ്രതി കൂടുകയാണ് .

11. ആക്റ്റീവ് തൊഴിലാളികളുടെ എണ്ണം ഓരോ വര്ഷം കഴിയും തോറും കുറഞ്ഞതാണ് .വരുന്നത്. വേതനം ലഭ്യമല്ലാത്തതാണ് കാരണമായി അവർ പറയുന്നത്.

## നന്ദി

ഒക്കൽ ഗ്രാമ പഞ്ചായത്തിലെ 2018-19 സാമ്പത്തീക വർഷത്തിലെ സോഷ്യൽ ഓഡിറ്റ് പ്രക്രിയ സമയബന്ധിതമായി തീർക്കാൻ സോഷ്യൽ ഓഡിറ്റ് ടീമിനെ സഹായിച്ച ബഹുമാനപെട്ട പഞ്ചായത്ത് പ്രസിഡന്റ് , സെകട്ടറി അസിസ്റ്റന്റ് സെകട്ടറി, ഭരണസമിതി അംഗങ്ങൾ,വാർഡ് മെമ്പർ , തൊഴിലുറപ്പ് വിഭാഗം ഉദ്യോഗസ്ഥർ , ഫീൽഡു തല പ്രവർത്തനങ്ങൾക് സഹായിച്ച മേറ്റ്മാർ തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർക്കുള്ള നന്ദി പ്രത്യേകം രേഖപെടുത്തുന്നു.

**ഒക്കൽ ഗ്രാമപഞ്ചായത്ത് വാർഡ് 2 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭാ മിനിറ്റ്സ്

ഒക്കൽ ഗ്രാമപഞ്ചായത്തിലെ വാർഡ് രണ്ടിലെ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 01/11/2019 ആം തീയതി രാവിലെ 10 30 മണിക്ക് ഒക്കൽ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഈശ്വര പ്രാർത്ഥന ഓടുകൂടി ആരംഭിച്ചു. 132 ആളുകൾ മീറ്റിംഗിൽ പങ്കെടുത്തു.

അധ്യക്ഷയെ തിരഞ്ഞെടുത്ത കൊണ്ട് യോഗ നടപടികൾ ആരംഭിച്ചു. രണ്ടാം വാർഡിലെ തൊഴിലാളിയായ അൽഫോൻസാ ചേച്ചിയെ അധ്യക്ഷനായി തെരഞ്ഞെടുത്തു.

പഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി ജിജി ഇപ്പോഴത്തെ രണ്ടാം വാർഡ് മെമ്പറായ ശ്രീമതി ലിസി ലിൻസ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് ഉദ്യോഗസ്ഥരായ ഓവർസിയർ സുമി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ സന്നതുനിസ വാർഡിലെ മേറ്റു മാർ കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ കൂവപ്പടി ബ്ലോക്ക് BRP മരിയ മോൾ സ്റ്റീഫൻ, കൂവപ്പടി ബ്ലോക്കിന് കീഴിൽ പ്രവർത്തിക്കുന്ന VRP മാർ എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു.

ശ്രീമതി റീന ജോൺസൺ യോഗത്തിൽ എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

വാർഡ് മെമ്പർ ലിസി ലിൻസ് ഗ്രാമസഭ യോഗം ഉദ്ഘാടനം ചെയ്തു. അധ്യക്ഷൻ അൽഫോൻസ അധ്യക്ഷ പ്രസംഗം നിർവഹിക്കുകയും ചെയ്തു. ബി ആർ പി മരിയ മോൾ സാമൂഹിക പരിശോധന ഗ്രാമ സഭയെക്കുറിച്ച് ആമുഖ പ്രസംഗം നടത്തി.

ആദ്യമായി പരിശോധിച്ച ഫയലിൽ നിന്നും കണ്ടെത്തിയ കാര്യങ്ങളാണ് വായിച്ചത്.വെജ് ലിസ്റ്റും ആക്ഷൻ പ്ലാൻ കോപ്പി എന്നിവയാണ് പ്രധാനമായും ഫയൽ ൽ ഉണ്ടാകാതിരുന്നത്.

അതിനു മറുപടി ആയീ DEO പറഞ്ഞത് വെജ് ലിസ്റ്റ് കോപ്പികൾ ഒരുപാട് പേജ് വരുന്നത് കൊണ്ട് ആണെന്നാണ് അതുപോലെ ആക്ഷൻ പ്ലാൻ കോപ്പിയും ഇനിമുതൽ ഇവ ഫയൽ ഇൽ സൂക്ഷികാം എന്നു പറഞ്ഞു.

ഫീൽഡ് പരിശോധനയിൽ നിന്നും കണ്ടെത്തിയ വിവരങ്ങളും അവയുടെ അളവുകളും വായിക്കുകയുണ്ടായി, കൂടാതെ പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രെജിസ്റ്ററുകളുടെ പരിശോധനയെ സംബന്ധിച്ച വിവരങ്ങളും വായിച്ചു. തുടർന്ന് തൊഴിലാളികളുമായി ചർച്ച നടന്നു.

ആദ്യമായി അധ്യക്ഷൻ ചില സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി.

1. തൊഴിലാളികളോട് തൊഴിൽ കണ്ടെത്താൻ പറഞ്ഞിട്ടുണ്ടോ

2. മറുപടിയായി അസിസ്റ്റന്റ് സെക്രട്ടറി പറഞ്ഞത് ലേബർ ബഡ്ജറ്റ് മീറ്റിംഗ് കൂടുമ്പോഴാണ് അടുത്ത സാമ്പത്തിക വർഷത്തെ തൊഴിലുകളുടെ തീരുമാനം ഉണ്ടാവുകയുള്ളൂ എന്ന് അറിയിച്ചു.

- കൂടാതെ ജെ എൽ ജി പോലുള്ള ഗ്രൂപ്പുകൾ ഉണ്ടാക്കി പുതിയ തൊഴിൽ എടുക്കുന്നതിലൂടെ തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാമെന്ന് അഭിപ്രായപ്പെട്ടു
- അയൽക്കൂട്ടങ്ങളിൽ അവരുടെ പ്രദേശങ്ങളിൽ എന്തൊക്കെ ജോലികൾ ചെയ്യാം എന്നുള്ള ചർച്ചകളും നടത്തണമെന്നും അഭിപ്രായം പറഞ്ഞു.
- തൊഴിലുറപ്പിൽ 261 തരം പ്രവർത്തികൾ ചെയ്യാൻ സാധിക്കുമെന്നും തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി കൂടുതലുള്ള പ്രവർത്തികൾക്ക് മുൻതൂക്കം നൽകണമെന്നും
- കുളം നിർമ്മാണം, റോഡ് കോൺക്രീറ്റിംഗ്, മീൻ വളർത്തൽ, നഴ്സറി, പച്ചക്കറി കൃഷി, തരിശുഭൂമിയിൽ കൃഷി ഇറക്കൽ എന്നീ പണികൾ പുതുതായി ഉൾപ്പെടുത്തണമെന്നും പറഞ്ഞു.

2.ഞങ്ങൾക്ക് ഡിമാൻഡ് ചെയ്തു15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നില്ല?

- ഡിമാൻഡ് വെച്ചിട്ട്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാത്തത് സെക്യൂറിൽ പ്രശ്നങ്ങൾ വരുന്ന സാഹചര്യം വരുന്നത് കൊണ്ടാണെന്ന് DEO  പറഞ്ഞു.

3. ചികിത്സാസഹായം ലഭിക്കുമോ എന്നുള്ള കാര്യം?

- തൊഴിലിടങ്ങളിൽ വച്ച് അപകടങ്ങൾ ഉണ്ടായാൽ തൊട്ടടുത്ത ഗവൺമെന്റ് ഹോസ്പിറ്റലിൽ പോയി കാണുകയും കൂടുതൽ ചികിത്സയ്ക്കായി പ്രൈവറ്റ് ഹോസ്പിറ്റലിൽ റഫർ ചെയ്യുകയും ചെയ്താൽ അതിന്റെ ബില്ലുകളും വച്ചു സഹായത്തിന് അപേക്ഷിക്കാം എന്നും അറിയിച്ചു. കൂടാതെ സൈറ്റ്
- ഡയറിയിൽ മേറ്റ് അപ്പോൾതന്നെ രേഖപ്പെടുത്തുകയും ഉദ്യോഗസ്ഥരെ അറിയിക്കണമെന്നും അറിയിച്ചു.

4.  100 തൊഴിൽ ദിനങ്ങൾ കിട്ടുന്നില്ല?

- തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാവുന്ന പ്രവർത്തികൾ കണ്ടെത്തി പണി ചെയുക.
- ആസ്തി ഉണ്ടാവുന്ന ജോലികൾ ചെയുക
- ആവർത്തന സ്വഭാവം ഉള്ള വർക്കുകൾ ഒഴിവാക്കണം എന്നും നിയമത്തിൽ പറയുന്നു എന്ന് പഞ്ചായത് AS കൂട്ടിച്ചേർത്തു.
- മുഖ്യമന്ത്രി യുടെ നിർദ്ദേശ പ്രകാരം വീടുകളിൽ വേസ്റ്റ് pit ഉണ്ടാകുക എന്നിങ്ങനെ ഉള്ള പ്രവർത്തികൾ കണ്ടെത്താൻ നിർദ്ദേശിച്ചു.

5.ESI കിട്ടുമോ?

- Esi കാര്യം ഇപ്പോൾ പദ്ധതിയിൽ ഇല്ല. ഭാവിയിൽ ഉണ്ടാകുമായിരിക്കും എന്നു പറഞ്ഞു.

6. തൊഴിലില്ലായ്മാ വേതനം കിട്ടുമോ അതിനെ കുറിച് അറിയില്ലെരുന്നു.

7. തൊഴിലില്ലായ്മാ വേതനത്തെ കുറിച്ചും തൊഴിൽ സ്ഥലത്തുണ്ടാകേണ്ട കാര്യങ്ങളെ കുറിച്ചും പഞ്ചായത്തിൽ നിന്നുള്ള ആയുധങ്ങൾ കിട്ടുന്നില്ല എന്ന പരാതി തൊഴിലാളികൾ പറഞ്ഞു.

- എന്നാൽ നാശനഷ്ടം സംഭവിച്ച ആയുധങ്ങളുടെ വിവരം ഇതുവരെ പഞ്ചായത്തിൽ ആരും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും
- വെള്ളപ്പൊക്കത്തിൽ നശിച്ച ഉപകരണങ്ങളുടെ റിപ്പോർട്ടും പഞ്ചായത്തിൽ അറിയിക്കാതെ പുതിയത് മേടിക്കാൻ ഉള്ള നടപടി എടുക്കാൻ സാധിക്കില്ല എന്നും AS പറഞ്ഞു
- തൊഴിലുറപ്പ് ആരംഭിച്ച സമയത്ത് എല്ലാ വാർഡുകളിലേക്കും ആയുധങ്ങൾ എത്തിച്ചിരുന്നു എന്നും DEO കൂട്ടിച്ചേർത്തു.

8 .തോട് കാന മഴക്കാല പ്രവൃത്തികൾ ചെയ്യുമ്പോൾ പ്രതിരോധ ഗുളികകൾ നൽകേണ്ടതാണ് എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. ആ

ആശ പ്രവർത്തകരുമായി സഹകരിച്ചു പ്രതിരോധ ഗുളികകൾ എത്തിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും കുറവ് ഉണ്ടെങ്കിൽ അത് ശ്രദ്ധിക്കാം എന്നും അത് വാങ്ങി കഴിക്കാൻ തൊഴിലാളികൾ വിസമ്മതിക്കുന്നുണ്ട് എന്നും AE പറഞ്ഞു.

CIB ബോർഡ് കോൺട്രാക്ട് കൊടുത്തിരുന്ന സ്ഥലത്തുനിന്നും ലഭിക്കാൻ വൈകുന്നതു മൂലമാണ് വക്കാൻ താമസം നേരിടുന്നത് എന്ന് AE പറഞ്ഞു.

9. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ 6 മാസം കൂടുമ്പോൾ നൽകണം എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. അല്ലാത്ത പക്ഷം അവിടെ കാടു മൂടി കിടക്കും എന്ന് പറഞ്ഞു. പിന്നീട് ആ പ്രവൃത്തി ചെയുമ്പോൾ വളരെ ബുദ്ധിമുട്ട് നേരിടുന്നു എന്നും പറയുക ഉണ്ടായി.

എന്നാൽ ഒരു പ്രവശ്യം തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി കഴിഞ്ഞാൽ 3 വർഷത്തിനുശേഷം മാത്രമേ ആ പ്രവർത്തി വീണ്ടും ചെയ്യാൻ പറ്റുക ഒള്ളു എന്നും DEO മറുപടി നൽകി.

10 .വേതനം വർധിപ്പിക്കുന്ന കാര്യവും സമയം കുറയ്ക്കുന്ന കാര്യവും ഗ്രാമസഭ നിർദ്ദേശിച്ചു.

ശേഷം സദസിന്റെ അനുവാദത്തോടുകൂടി റിപ്പോർട് അംഗീകരിച്ചു. തുടർന്ന് VRP Priya എല്ലാവർക്കും നന്ദി പ്രകടിപ്പിച്ചു. ദേശീയ ഗാനത്തോടെ യോഗപരിപാടികൾ 12.30 നു അവസാനിപ്പിച്ചു.